**KOLLAM CITY POLICE**
https://www.kollam city.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 08/ 06/ 2021

# ചാരായം വാറ്റുന്നതിനിടയിൽ പിടിയിലായി

കൊല്ലം : വിൽപ്പന ലക്ഷ്യമിട്ട് ചാരായം വാറ്റിയ ആൾ പോലീസ് പിടിയിലായി. മയ്യനാട് കണ്ടച്ചിറ മുക്ക് പുഷ്പവിലാസം വീട്ടിൽ ആൻഡ്രൂസ് മകൻ അനിൽ ആൻഡ്രൂസ് ആണ് പോലീസ് സംഘത്തിന്റെ പിടിയിലായത്. ഇയാളാൽ നിന്നും അഞ്ച് ലിറ്റർ ചാരായവും വാറ്റുപകരണങ്ങളും കോടയുമായി പിടികൂടി. ലോക്ഡൗൺ സാഹചര്യം ഉപയോഗിച്ച് ഇയാൾ ചാരായം വാറ്റുന്നതായി ജില്ലാ പോലീസ് മേധാവി നാരായണൻ റ്റി ഐ.പി.എസ്സിന് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനയിലാണ് ഇയാൾ പിടിയിലായത്. കൊല്ലം നഗരത്തിലും പരിസര പ്രദേശങ്ങളിലും ആൾക്കാരുടെ ആവശ്യാനുസരണം വാറ്റ് ചാരായം എത്തിച്ചിരുന്ന ഇയാൾ പരിസരവാസികൾക്കിടയിൽ തികഞ്ഞ സൽസ്വഭാവിയായിരുന്നു. പോലീസ് സംഘം വാറ്റ് ചാരായവും കോടയും ഉപകരണങ്ങളുമായി ഇയാളെ പിടികൂടിയത് പരിസരവാസികൾക്ക് അവിശ്വസിനീയമായ സംഭവമായി. കൊല്ലം സ്പെഷ്യൽ ബ്രാഞ്ച് അസിസ്റ്റന്റ് കമ്മീഷണർ എസ്സ്.വൈ. സുരേഷിന്റെ നേതൃത്വത്തിൽ കൊട്ടിയം ഐ.എസ്സ്.എച്ച്.ഓ പി.കെ ശ്രീധരൻ, സ്പെഷ്യൽ ബ്രാഞ്ച് എസ്സ്.ഐ ജയകുമാർ. ആർ, എ. എസ്സ്. ഐ ബൈജൂ ജെറോം, എസ്സ്. സി.പി. ഓ മാരായ സജു, സീനു, മനു എന്നിവർ ചേർന്നാണ് പ്രതിയെ പിടികൂടിയത്.